# എൻ.സി.എ. വിജ്ഞാപനം – സംസ്ഥാനതലം

## കാറ്റഗറി നമ്പർ : 671/2021 – 672/2021
## രണ്ടാം എൻ.സി.എ വിജ്ഞാപനം

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ സംവരണ വിഭാഗത്തിൽപ്പെട്ട താഴെപ്പറയുന്ന സമുദായങ്ങളിലെ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി മാത്രം ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനകം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്.

1 **വകുപ്പ്** : തുറമുഖം

2 **ഉദ്യോഗപ്പേര്** : ആഫീസർ – ഇൻ – ചാർജ്

3 **ശമ്പളം** : ₹95,600 – 1,53,200/–

4 **ഒഴിവുകളുടെ എണ്ണം** :

| ക്രമ നം. | കാറ്റഗറി നമ്പർ | തസ്തികയുടെ പേര് | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| 1 | **671/2021** | ആഫീസർ – ഇൻ – ചാർജ് | പട്ടികജാതി | 01 (ഒന്ന്) |
| 2 | **672/2021** | ആഫീസർ – ഇൻ – ചാർജ് | ഈഴവ/തീയ്യ /ബില്ലവ | 01 (ഒന്ന്) |

മുകളിൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഈ തസ്തികയുടെ 29.12.2017 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 65/15) കാലയളവിൽ മേൽപ്പറഞ്ഞ സംവരണ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേയ്ക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതു വരെയോ, ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്. 15.11.2019 – ലെ ഗസറ്റ് വിജ്ഞാപനത്തിൽ കാറ്റഗറി നമ്പർ 231/19, 232/19 ആയി യഥാക്രമം പട്ടികജാതി, ഈഴവ / ബില്ലവ / തീയ്യ വിഭാഗങ്ങൾക്കായി പുറപ്പെടുവിച്ച ഒന്നാം എൻ.സി.എ. വിജ്ഞാപന പ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമാവാതിരുന്നതിനാൽ പുറപ്പെടുവിക്കുന്ന രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം (മുകളിൽ സൂചിപ്പിച്ചിട്ടുള്ള സംവരണ സമുദായങ്ങളിൽ നിന്നു മാത്രം)

**കുറിപ്പ്** :

ഈ വിജ്ഞാപനത്തിൽ പരാമർശിക്കുന്ന സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നല്കുന്നതല്ല.

**6. പ്രായപരിധി** : ഈഴവ / തിയ്യ / ബില്ലവ: (30–49), ഉദ്യോഗാർത്ഥികൾ 02.01.1972 നും 01.01.1991 നും ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി: (30–50); ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1991 നും ഇടയിൽ ജനിച്ചവരായിരിക്കണം.

[വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2(i) ഒഴികെ)]

**കുറിപ്പ്:** ഉദ്യോഗാർത്ഥി അപേക്ഷയിൽ ശരിയായ ജാതി / സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺക്രീമിലെയർ / ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

## 7. യോഗ്യതകൾ

**(എ)** ഗതാഗത മന്ത്രാലയം നൽകുന്ന "ഹോം ട്രേഡ് മാസ്റ്റർ" ആയുള്ള കോമ്പിറ്റൻസി സർട്ടിഫിക്കറ്റും കൂടാതെ 'മേറ്റ്' ആയി രണ്ടു വർഷത്തിൽ കുറയാതെയുള്ള പരിചയവും

അല്ലെങ്കിൽ

**(ബി)** 1958-ലെ മർച്ചന്റ് ഷിപ്പിംഗ് ആക്ട് പ്രകാരം നൽകിയിട്ടുള്ള 'ഹോം ട്രേഡ് മേറ്റ്' ആയുള്ള കോമ്പിറ്റൻസി സർട്ടിഫിക്കറ്റും 'മേറ്റ്' ആയി മൂന്നു വർഷത്തിൽ കുറയാതെയുള്ള പരിചയവും

അല്ലെങ്കിൽ

**(സി)** 1917 – ലെ ഇൻലാന്റ് സ്റ്റീം വെസ്സൽ ആക്ട് പ്രകാരം, നൽകിയിട്ടുള്ള 'രണ്ടാം ക്ലാസ്സ് മാസ്റ്റർ' ആയുള്ള കോമ്പിറ്റൻസി സർട്ടിഫിക്കറ്റും കൂടാതെ തേർഡ് ആഫീസറായോ, ജൂനിയർ ആഫീസറായോ അല്ലെങ്കിൽ ഡ്രഡ്ജറുകളിലുള്ള തത്തുല്യ പദവിയിലോ മൂന്നു വർഷത്തെ പരിചയവും.

**വിശദീകരണം:–** നേരിട്ടുള്ള നിയമനത്തിന് പട്ടികജാതി ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം പ്രായോഗിക പരിചയം വേണമെന്ന നിബന്ധന ബാധകമല്ല. ടി ഉദ്യോഗാർത്ഥികൾ നിയമിക്കപ്പെട്ട ശേഷം പ്രായോഗിക പരിചയം നേടണം.

**കുറിപ്പ്:**

1. KS&SSR Part II Rule 10(a)ii ബാധകമാണ്.
2. മേറ്റ് ആയോ ഇൻലാന്റ് സ്റ്റീം വെസ്സൽ ആക്ട് പ്രകാരം രണ്ടാം ക്ലാസ്സ് മാസ്റ്റർ ആയോ കോമ്പിറ്റൻസി സർട്ടിഫിക്കറ്റുള്ളവരുടെ നിയമനം അവരുടെ സർട്ടിഫിക്കറ്റിൽ ആവശ്യമായുള്ളിടത്ത് മർക്കന്റൈൻ മറൈൻ ഡിപ്പാർട്ടുമെന്റിന്റെ ശരിയായ 'ഡിസ്പെൻസേഷൻ' ഉണ്ടായിരിക്കണം എന്ന നിബന്ധനയ്ക്ക് വിധേയമായിരിക്കും.
3. വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യയോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.
4. പ്രായോഗിക പരിചയം അടിസ്ഥാന യോഗ്യത നേടിയതിനു ശേഷമുള്ളതായിരിക്കണം.
5. പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image/സത്യവാങ്മൂലം (നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ Pandemic നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാതിരിക്കുന്നവർക്ക് വേണ്ടിയിട്ടുള്ളത്) upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ, ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.
6. പരിചയ സർട്ടിഫിക്കറ്റ് താഴെ പറയുന്ന മാതൃകയിൽ ഹാജരാക്കേണ്ടതാണ്.

**<u>സർട്ടിഫിക്കറ്റ്</u>**

സർട്ടിഫിക്കറ്റ് നമ്പർ: ................................ തീയതി: ............................

ശ്രീ.(പേരും മേൽവിലാസവും) ....................................................... ..................................................
..............................................................................................................................................................

ഹോം ട്രേഡ് മാസ്റ്റർ / ഹോം ട്രേഡ് മേറ്റ് / സെക്കന്റ് ക്ലാസ് മാസ്റ്റർ തസ്തികയിൽ താഴെപ്പറയും പ്രകാരം പരിചയമുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

| ഷിപ്പിന്റെ പേരും ഒഫിഷ്യൽ നമ്പരും | സ്ഥലവും തീയതിയും | | സേവനം ചെയ്തിട്ടുള്ളത് ഹോം ട്രേഡ് മാസ്റ്റർ / ഹോം ട്രേഡ് മേറ്റ് / സെക്കന്റ് ക്ലാസ് മാസ്റ്റർ | ആകെ പരിചയം ............. വർഷം ............ മാസം ............ ദിവസം |
|---|---|---|---|---|
| | എൻഗേജ്മെന്റ് | ഡിസ്ചാർജ്ജ് | | |

| | | | | |
|---|---|---|---|---|
| | | | | |

ഞാൻ Certificate of Competency and Continuous Discharge Certificate cum Seafarer's Identity Document പരിശോധിച്ചിട്ടുണ്ട്, മേൽ പരാമർശിക്കുന്ന വ്യക്തിക്ക് .................... വർഷം, ........................... മാസം, .................. ദിവസം മേൽ പ്രസ്താവിച്ച തസ്തികയിൽ പരിചയമുണ്ടെന്നും മേൽ വിവരങ്ങൾ ശരിയാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തീയതി:

ഒപ്പ്:
പേര്:
ഔദ്യോഗിക പദവി:

(ഓഫീസ് സീൽ)

എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സംസ്ഥാന / കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി / മേലധികാരിയെകൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

പരിചയം ഒരു യോഗ്യതയായി അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് മുകളിൽ പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പ്രവൃത്തി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ(സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരി, എന്നിവ)അപേക്ഷയിൽ രേഖപ്പെടുത്തുകയും അതോടൊപ്പം പരിചയ/സർവ്വീസ് സർട്ടിഫിക്കറ്റിന്റെ scanned image upload ചെയ്യുകയും ചെയ്യേണ്ടതാണ്. ഉദ്യോഗാർത്ഥികൾ പ്രസ്തുത സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

## <u>പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലം</u>

ശ്രീ/ ശ്രീമതി. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . (ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) എന്ന എനിക്ക് ഈ തസ്തികയിലേക്ക് ആവശ്യമായ ................. വർഷം ..................... മാസം ......................... ദിവസത്തെ പരിചയ യോഗ്യതയുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു. കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നിശ്ചിത മാതൃകയിലുള്ള പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ്.

സ്ഥലം :
തീയതി :

**ഉദ്യോഗാർത്ഥിയുടെ ഒപ്പ്**

**8. പ്രോബേഷൻ:** ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്ന ആൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**9. ടെസ്റ്റ്:** ഈ ഉദ്യോഗത്തിന് നിയമനം ലഭിക്കുന്ന ആൾ, നേരത്തേ പാസായിട്ടില്ലെങ്കിൽ, പ്രൊബേഷനിലായിരിക്കുന്ന കാലത്തിനുള്ളിൽ കേരള സംസ്ഥാനത്തിലെ എക്സിക്യൂട്ടിവ് ആഫീസേഴ്സിനു വേണ്ടിയുള്ള അക്കൗണ്ട് ടെസ്റ്റും പി.ഡബ്ലിയു.ഡി ടെസ്റ്റും പാസ്സായിരിക്കേണ്ടതാണ്.

**10 അപേക്ഷ സമർപ്പിക്കേണ്ട രീതി :-**

**(എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് log in ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ **31/12/2011**-ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം

നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**(ബി)** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും, അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

**(സി)** ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

11 **അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 02.02.2022 ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ**

12 **അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം : www.keralapsc.gov.in**

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് – 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക )

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**